# സർക്കാർവത്കൃത ഇടുക്കങ്ങൾക്കപ്പുറം: സ്ത്രീപക്ഷരാഷ്ട്രീയത്തെക്കുറിച്ച് കേരളത്തിൽനിന്നു ചിന്തിക്കുമ്പോൾ

-ജെ. ദേവിക

ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളിലൊന്നായ കേരളത്തിൽ സ്ത്രീപക്ഷരാഷ്ട്രീയം പ്രതിസന്ധിയിലാണെന്ന പ്രസ്താവം അസത്യമല്ല. എന്നാൽ ഈ പ്രതിസന്ധിക്കു കാരണം ഇംഗ്ലിഷ്ഭാഷയുടെയും പാശ്ചാത്യഫെമിനിസ്റ്റ് ചിന്തയുടെയും അധീശത്വമാണെന്ന് പറയാൻ കഴിയില്ല. ബ്രിട്ടീഷ് അധീശത്വത്തിൻകീഴിലാണ് ഇംഗ്ലിഷ് ഭാഷയും സാഹിത്യവും ഈ നാട്ടിൽ പ്രചരിച്ചതെങ്കിലും ഈ പരിചയത്തിൽനിന്ന് എല്ലായ്പ്പോഴും ഉടലെടുത്തത് അധിനിവേശമാതൃകകൾക്ക് കീഴ്പ്പെട്ടു നിൽക്കുന്ന സാംസ്ക്കാരികരൂപങ്ങളല്ല. പലപ്പോഴും പുതിയ, എതിർ സ്വഭാവമുള്ള പ്രയോഗങ്ങളും രൂപങ്ങളും ഈ സംസർഗ്ഗത്തിന്റെ ഫലമായി ഉണ്ടായിട്ടുണ്ട്. (വിശ്വനാഥ, സൈമൺ. 1999) കേരളത്തിലാണെങ്കിൽ, ആഗോളവത്ക്കരണത്തിന്റെ ഔദ്യോഗികഭാഷയെന്ന നിലയ്ക്ക് ഇംഗ്ലിഷിന് ആധിപത്യനിലതന്നെയുണ്ട്. എങ്കിലും സമകാലിക മലയാളപൊതുമണ്ഡലം സജീവം തന്നെയാണ്. (ഇംഗ്ലിഷിന് ലഭിച്ചിരിക്കുന്ന വർദ്ധിച്ച പ്രാധാന്യം ഭാവിയിൽ പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാമെങ്കിലും). മലയാളി സ്ത്രീകളാണെങ്കിൽ, കഴിഞ്ഞ ദശകങ്ങളിൽ ഉന്നതവിദ്യാഭ്യാസരംഗത്തേക്ക് വർദ്ധിച്ച എണ്ണത്തിൽ കടന്നുകഴിഞ്ഞിരിക്കു ന്നു.ഇന്ത്യയിലെ വിദ്യാഭ്യാസ- മെട്രോ കേന്ദ്രങ്ങളിൽ പഠിക്കാനുള്ള അവസരം അവർക്കിന്നുണ്ട്. നാഗരിക ഇടം നൽകുന്ന ചലനശേഷിയും സ്വകാര്യതയും അവർക്കിന്ന് കൂടുതൽ ലഭ്യമാണ്. ഒപ്പം, ഇംഗ്ലിഷ് ഭാഷയിൽ നടന്നുവരുന്ന ഫെമിനിസ്റ്റ് വിമർശനവും പ്രയോഗവും പ്രവർത്തനങ്ങളും അവർക്ക് കൂടുതൽ പ്രാപ്യവുമാണ്. ഇന്ത്യയിലെ വിവിധഭാഷാസമൂഹങ്ങളെ തുടർന്നും ബന്ധിപ്പിക്കുന്ന ഭാഷ ഇംഗ്ലിഷ് തന്നെയാണ് ഇന്നും എന്ന വസ്തുതയും മറക്കാവുന്നതല്ല.

മലയാളത്തിലെ ഫെമിനിസ്റ്റ് ചിന്തയുടെ പ്രതിസന്ധിയെ മറ്റൊരുവിധത്തിൽ കാണാനാണ് ഞാനിവിടെ ആഗ്രഹിക്കുന്നത്. മലയാളഭാഷയ്ക്കു തന്നെ ഒന്നിലധികം അടരുകൾ അല്ലെങ്കിൽ തലങ്ങൾ ഉണ്ടെന്ന് ഞാൻ കരുതുന്നു. കേരളത്തിൽ ബൗദ്ധികചർച്ചകളും പൊതുമണ്ഡലസംവാദങ്ങളും നടക്കുന്നത് 'ഉന്നതബൗദ്ധിക'മലയാളത്തിലാണ്. ഇത് ഒരു മേലാള-ഭാഷാ അടരാണ്, സംസ്കൃതത്തോട് ആഴത്തിൽ കടപ്പെട്ട ഒന്ന്. ഇതല്ലാതെ മറ്റൊരു ഭാഷാ-അടരുമുണ്ട് - ദൈനംദിന ജീവിതത്തിന്റേതായ ഒന്ന്. ഇതാകട്ടെ സംസ്കൃതത്തിൽ നിന്ന് ചാഞ്ഞ് തമിഴിനോട് പലപ്പോഴും അടുത്തു നിൽക്കുന്നു. മാത്രമല്ല, 'ഇണക്കിയെടുക്കപ്പെട്ട' ഇംഗ്ലിഷ് പദങ്ങൾ (അതായത്, വാക്ക് ഇംഗ്ലിഷാണെങ്കിലും ഉച്ചാരണം മലയാളത്തിന്റേതായതുകൊണ്ട് മലയാളമായി മാറിയവ) ഈ അടരിൽ സുലഭമാണ്. മലയാള ഫെമിനിസത്തിന് ആദ്യം പറഞ്ഞ 'ഉന്നതബൗദ്ധിക' അടരിൽ സമ്പന്നമായ പദാവലിയുണ്ട്. പക്ഷേ അധികം വായനാപരിചയം സിദ്ധിച്ചിട്ടില്ലാത്ത വായനക്കാർക്ക് ഇത് ഇംഗ്ലിഷിലുള്ള ഫെമിനിസ്റ്റ് സൈദ്ധാന്തികഭാഷയെപോലെതന്നെ അന്യവും പ്രയാസകരവുമായി അനുഭവപ്പെടാനിടയുണ്ട്.

ഇത്, പക്ഷേ, പ്രശ്നത്തിന്റെ ഒരു ഭാഗം മാത്രം. ആഗോളീകൃത 'ജെന്റർമുഖ്യധാരാവത്ക്കരണ'ത്തിലൂടെ ഇവിടേയ്ക്ക് ഒഴുകിയെത്തിയ അരാഷ്ട്രീയസർക്കാർവത്കൃത സ്ത്രീവാദത്തിന്റെ പദാവലി സൃഷ്ടിക്കുന്ന സംഘർഷമാണ് മറ്റേ ഭാഗം. സ്ത്രീപക്ഷ-രാഷ്ട്രീയം കേരളത്തിൽ വേരോടിത്തുടങ്ങിയത് 1980കളിലാണ്. സർക്കാരിനോടു സമീപസ്ഥവും പ്രബോധന-പരിഷ്ക്കരണസ്വഭാവവും ഒരേയളവിൽ പ്രദർശിപ്പിച്ച 'വികസനവാദ ഫെമിനിസ'ത്തിന്റെ തുടക്കവും ഇതേ കാലത്തുതന്നെയായിരുന്നു.

1990കളുടെ മദ്ധ്യത്തിൽ ആഗോളീകൃത ജെന്റർ മുഖ്യധാരാവത്ക്കരണത്തിനൊപ്പം കേരളത്തിലെ പ്രബല ഇടതുകക്ഷികൾ സ്ത്രീപക്ഷരാഷ്ട്രീയത്തെ സ്വതാത്പര്യങ്ങൾക്കനുസൃതമായ രീതിയിൽ പുനഃസൃഷ്ടിക്കാനും സ്വായത്തമാക്കാനും ശ്രമിച്ചു. (ഹാൾ.2003) ജനകീയാസൂത്രണത്തിലൂടെ നടന്ന ജെന്റർമുഖ്യധാരാവത്ക്കരണത്തിലൂടെയായിരുന്നു ഇത്. വികസനവാദഫെമിനിസത്തിന്റെ മുൻസാന്നിദ്ധ്യം ഈ പ്രക്രിയയ്ക്ക് സഹായകമാവുകയും ചെയ്തു. ഇന്ന് നവലിബറൽ 'വനിതാശാക്തീകരണ'ത്തിന്റെ സൈദ്ധാന്തിക-രാഷ്ട്രീയഭാഷയ്ക്ക് മുമ്പൊരിക്കലുമില്ലാത്ത അധീശത്വം കേരളത്തിലുണ്ട്. മലയാളഫെമിനിസത്തിന്റെ പ്രതിസന്ധിയുടെ സുപ്രധാനഭാഗമിതാണെന്ന് ഞാൻ കരുതുന്നു.

അതുകൊണ്ട് 'ജെന്റർ' എന്ന ആംഗലപദം സമകാലികമലയാളത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ, അതിന് അനുയോജ്യമായ തുല്യപദം മലയാളത്തിൽ കണ്ടെത്തുന്നതോ, പ്രാദേശികധാരണകൾക്കും പോരാട്ടങ്ങൾക്കുമനുസൃതമായി അതിനെ വ്യാഖ്യാനിക്കുന്നതോ മാത്രമല്ല പ്രശ്നം. ഈ പ്രശ്നങ്ങൾ അപ്രധാനങ്ങളല്ല, അവയെ ലളിതമായി കരുതാനുമാവില്ല - അക്കാര്യം ഞാൻ പിന്നാലെ ഊന്നിപ്പറയുന്നുണ്ട്. നമ്മുടെ മുന്നിലെ വെല്ലുവിളിയുടെ കാതലായ ഭാഗമേതാണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഇവിടെ ശ്രമിച്ചത്: 'സാമ്രാജ്യത്വാനന്തര' ആഗോളവ്യവസ്ഥയുടെ വ്യവഹാരത്തിന്റെ വർദ്ധിച്ച അധീശത്വവും, സർക്കാർവത്കൃതസ്ത്രീവാദത്തിലൂടെ അതു നീട്ടുന്ന കരങ്ങളും വിമർശനപരമായ ശ്രദ്ധ നമ്മിൽ നിന്നാവശ്യപ്പെടുന്നു. മലയാളത്തിൽ ഈ സർക്കാർവത്കൃതസ്ത്രീവാദഭാഷയുടെ അരാഷ്ട്രീയഫലങ്ങൾ സുവ്യക്തമാണ് - 'ലിംഗാധീശത്വവും' 'പിതൃമേധാവിത്വ'മെന്ന ഫെമിനിസ്റ്റ് സങ്കല്പനവും തമ്മിലുള്ള ബന്ധത്തെ അത് മയപ്പെടുത്തുന്നു; 'ഫെമിനിസ്റ്റ് പ്രവർത്തക'യുടെ സ്ഥാനത്ത് 'ജെന്റർ വിദഗ്ധ'യെ പ്രതിഷ്ഠിച്ചുകൊണ്ട് എതിർപ്പിനെ ന്യൂനീകരിക്കുന്നു. തന്നെയുമല്ല, മലയാളത്തിൽ 'ജെന്റർ' എന്ന പദത്തിന് കടുത്ത ഭിന്ന ലൈംഗികവിവക്ഷകളാണുള്ളത് - വികസന ഇടപെടലുകൾക്കനുകൂലമായ രീതിയിലുള്ള ആൺ-പെൺഭേദത്തെയാണ് അതു കുറിക്കുന്നത്. അതായത് 'സ്ത്രീകൾ'ക്കു പകരം 'ജെന്റർ' എന്ന പദം ഉപയോഗിച്ചു തുടങ്ങിയവേളയിൽ പാശ്ചാത്യ സ്ത്രീപക്ഷ പരിസരങ്ങളിൽ അനുഭവപ്പെട്ട വിപ്ലവകരമായ മാറ്റം ഇവിടെയുണ്ടായില്ലെന്നർത്ഥം. പാശ്ചാത്യലോകത്തുനിന്ന് ഇവിടേയ്ക്ക് പ്രവഹിക്കുന്ന ശുദ്ധവും പൂർണ്ണമായും സ്വീകാര്യവുമായ ഏതെങ്കിലുമൊരു ഫെമിനിസം ഇല്ലെന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. ഒന്നല്ല, അനവധി ഫെമിനിസങ്ങൾ പാശ്ചാത്യലോകത്തുനിന്ന് ഇവിടേയ്ക്ക് പ്രവഹിക്കുന്നു. തദ്ദേശീയ സ്ത്രീവാദത്തെ സംബന്ധിച്ചിടത്തോളം അവയുടെ രാഷ്ട്രീയവിവക്ഷകൾ വ്യത്യസ്തങ്ങളാണുതാനും.

മലയാളസ്ത്രീപക്ഷചിന്തയുടെ അകം-പുറം ബന്ധങ്ങളെ കാര്യമായി പുനർരചിക്കുന്നതിലൂടെ അതിനെ പുതുതായി രാഷ്ട്രീയവത്ക്കരിക്കാമെന്നാണ് എന്റെ അഭിപ്രായം. ഭാഷയുടെ വിഭിന്ന അടരുകളെയും തലങ്ങളെയും അംഗീകരിക്കലാണ് ഇതിലേക്കാദ്യം വേണ്ടത് - ഒരേ ഭാഷ സംസാരിക്കുന്നവരെയെല്ലാം അത് ഒരുപോലെ പങ്കുവെയ്ക്കുന്നില്ലെന്ന വസ്തുത അംഗീകരിക്കപ്പെടേണ്ടതുണ്ട്. 'ഉന്നത -ബൗദ്ധിക' മലയാളത്തിൽ ഒതുങ്ങി നിൽക്കുന്ന മലയാളഫെമിനിസ്റ്റ് പദാവലിയിലേക്ക് ഫെമിനിസത്തിന്റെ ദൈനംദിന പരിഭാഷയിൽ നിന്നുണ്ടാകുന്ന പദങ്ങളും സങ്കല്പനങ്ങളും കൂട്ടിച്ചേർത്ത് ശക്തിപ്പെടുത്തണമെന്ന് മറ്റൊരിടത്ത് ഞാൻ വാദിച്ചിട്ടുണ്ട് (ദേവിക 2008). ഫെമിനിസത്തിന്റെ ദൈനംദിന പരിഭാഷ പലപ്പോഴും അതു പ്രയോഗിക്കപ്പെടുമ്പോഴാണ് സംഭവിക്കുന്നത്. പാശ്ചാത്യ ഫെമിനിസ്റ്റ് ചിന്തയിൽ നിന്നു കടമെടുത്ത (ഇംഗ്ലിഷ്) പദത്തോടുള്ള തുല്യതയല്ല ഇത്തരം

പരിഭാഷ ഉന്നം വെയ്ക്കുന്നത്. മറിച്ച്, നാടകീയമായ രീതികളിൽ സവിശേഷലിംഗാനീതികളെ പുറത്തുകൊണ്ടുവരാനുള്ള സാദ്ധ്യതയാണിവിടെ പ്രയോഗിക്കപ്പെടുന്നത്. മലയാളത്തിലെ സൂക്ഷ്മപ്രയോഗങ്ങളുടെ ശക്തിയെ സ്വീകരിക്കാൻ ഇവയ്ക്ക് പലപ്പോഴും കഴിയുന്നുമുണ്ട് – തിരഞ്ഞെടുത്ത ആശയത്തിന്റെ കൂടുതൽ പ്രസക്തമായ ചില പ്രത്യേക വശങ്ങൾക്കൂന്നൽ കൊടുക്കാനും ഇതിലൂടെ കഴിയും. പഴയ, സുപരിചിതങ്ങളായ സങ്കല്പനങ്ങൾക്ക് അർത്ഥത്തിന്റെ പുതിയ അടരുകൾ നൽകിക്കൊണ്ട് അതിന്റെ സൂചനാസാദ്ധ്യതകളെ പൂർണ്ണമായും മുതലെടുക്കാൻ ഈ ദൈനംദിന പരിഭാഷകൾക്കു കഴിയും.

ഈ പരിഭാഷ പലപ്പോഴും അവലംബിക്കുന്നത് ഉന്നത-ബൗദ്ധികമലയാള ഫെമിനിസത്തെത്തന്നെയാണ് – ആ തലത്തിൽ സ്വീകരിക്കപ്പെടുന്ന ആശയങ്ങളാണ് ദൈനംദിന പരിഭാഷയ്ക്കു വിധേയമാകുന്നത്. ഉദാഹരണത്തിന്, കേരളത്തിലെ വിധവാസംഘടനാപ്രവർത്തകർക്കിടയിൽ ഞാൻ നടത്തിയ രംഗപഠനത്തിനിടയിൽ കേൾക്കാനിടയായ ഒരു ദൈനംദിനപരിഭാഷയെക്കുറിച്ചു പറയാം. 'അദൃശ്യ അദ്ധ്വാനം' എന്ന ഉന്നത-ബൗദ്ധികഫെമിനിസ്റ്റ് ആശയമാണ് പരിഭാഷ ചെയ്യപ്പെട്ടത് – അത് നിർവ്വഹിച്ചത് വിധവാസംഘടനാ നേതാക്കളിൽ ഒരാൾ. ഉന്നത-ബൗദ്ധികമണ്ഡലത്തിൽ ആ പദത്തിനുള്ള അർത്ഥസൂചനകളെ മറികടക്കുംവിധത്തിലുള്ള പരിഭാഷയാണ് അവർ നിർവ്വഹിച്ചത്. 'അദൃശ്യ അദ്ധ്വാനം' എന്നാൽ ദേശീയ വരുമാനക്കണക്കുകളുടെ ശേഖരണത്തിൽ അദൃശ്യമാകുന്ന അദ്ധ്വാനമെന്നാണ് സാമാന്യരീതിയിൽ പറയാറ്. എന്നാൽ ഈ സങ്കല്പനത്തിന്റെ പ്രയോഗത്തിലൂടെ വിധവകളനുഭവിക്കുന്ന ചൂഷണത്തെ വിശദീകരിക്കാൻ ശ്രമിച്ചപ്പോൾ അദൃശ്യമായ ഉത്പാദനപരമായ അദ്ധ്വാനത്തെക്കൂടാതെ പരിചരണാദ്ധ്വാനം, ലൈംഗികാദ്ധ്വാനം, 'ഉത്തമഭാര്യാത്വ'ത്തിന്റെ അവതരണം എന്നിവകൂടി ഉൾപ്പെട്ടു. ഇത്തരം ദൈനംദിനപരിഭാഷയ്ക്ക് വേണ്ടത്ര ശ്രദ്ധ നൽകുന്നതിലൂടെ സമകാലികഫെമിനിസ്റ്റ് ചിന്തയിൽ ഗാർഹികാദ്ധ്വാനം, ലൈംഗികതൊഴിൽ മുതലായവയെക്കുറിച്ച് അരങ്ങേറിക്കൊണ്ടിരിക്കുന്ന സമകാലിക ചർച്ചകളുമായി കൂടുതൽ ഫലപ്രദമായ രീതിയിൽ തദ്ദേശീയ ഫെമിനിസത്തിന് അടുക്കാനാകുമെന്നുതന്നെയാണ് കരുതേണ്ടത്. ഇവിടെ ഏറ്റവും ശ്രദ്ധേയമായ കാര്യമിതാണ്: ഈ പരിഭാഷ നടത്തിയ വിധവാസംഘടനാ പ്രവർത്തക ഒരു പുതിയതരം രാഷ്ട്രീയവിഷയിയാണ്. നവലിബറൽസർക്കാർവത്കൃത ഫെമിനിസ്റ്റ് സങ്കല്പനങ്ങൾ ഫെമിനിസ്റ്റ് വ്യവഹാരങ്ങളുടെ അർത്ഥസൂചനകളെ പരിമിതപ്പെടുത്തുന്നതിനെ ചെറുക്കുകയും, എന്നാൽ, ഒപ്പംതന്നെ, *നവലിബറൽ ഭരണഇടത്തിൽ-ത്തന്നെ പിടിച്ചുനിൽക്കുമെന്ന വാശിയോടെ പ്രവർത്തിക്കുകയും* ചെയ്യുന്ന, അസാമാന്യ ചലനാത്മകശേഷി പ്രദർശിപ്പിക്കുന്ന, രാഷ്ട്രീയവിഷയിത്വമാണിത്. മറ്റൊരുദാഹരണം കേരളത്തിലെ പഞ്ചായത്തുകളിലൊന്നിൽ അദ്ധ്യക്ഷപദവി വഹിച്ച ഒരു വനിത 'വനിതാശാക്തീകരണ'മെന്ന ആശയത്തെ പരിഭാഷപ്പെടുത്തിയതാണ്. ഇവിടെയും തികച്ചും സർക്കാർവത്കൃതമായ ഒരു പദം മറ്റൊരുവിധത്തിൽ വായിക്കപ്പെടുന്നു. ഈ പദപ്രയോഗത്തെ നിർവ്വചിക്കാൻ തനിക്കാവില്ലെന്നും, പകരം, ഒരു കഥ പറഞ്ഞുകൊണ്ട് താൻ അതിനെ വിശദീകരിക്കാമെന്നും അവർ പറഞ്ഞു. ആ കഥ സൃഷ്ടിക്കുന്ന ഉൾക്കാഴ്ച്ചയെ ഫെമിനിസ്റ്റ് എന്നുതന്നെ വിളിക്കാമെന്നതിൽ സംശയമില്ല:

> "ഒരു ദിവസം ഒരു റോക്കറ്റും യാത്രാവിമാനവും ആകാശത്തു വച്ചു കണ്ടുമുട്ടി. റോക്കറ്റിന്റെ തകർപ്പൻ വേഗം കണ്ട് വിമാനം അതിശയിച്ചുപോയി. അവൾ ചോദിച്ചു, "ഹോ, എന്തൊരു വേഗമാ നിനക്ക്! ഇതെങ്ങനെ സാധിക്കുന്നു?" അപ്പോൾ റോക്കറ്റ് പറഞ്ഞു, "കണ്ടില്ലേ, എന്റെ വാലപ്പടി തീപിടിച്ചത്? നിന്റെ വാലിൽ തീയായിരുന്നെങ്കിൽ നീയും എന്നെപ്പോലെ പാഞ്ഞേനെ!" എന്നിട്ട് റോക്കറ്റ് തുടർന്നു,

"ശരി, ഞാൻ അതിവേഗത്തിലാണ്. പക്ഷെ എങ്ങോട്ടുപോകുന്നുവെന്നോ, ഇനി തിരിച്ചുവരുമോ എന്നോ എനിക്കറിയില്ല! നീ പതുക്കെയാണ് പറക്കുന്നത്.ശരി, പക്ഷെ, എങ്ങോട്ടാണ് നീ പോകുന്നതെന്നും സമയത്തിന് വീട്ടിൽ തിരിച്ചെത്തുമെന്നും നിനക്കറിയാം, അതു വലിയ ആശ്വാസമല്ലേ?" ങാ, ഈ കഥയിൽ 'ശാക്തീകരിക്കപ്പെടലി'ലൂടെ റോക്കറ്റ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്!"

ദൈനംദിനപരിഭാഷകളെ സ്വാംശീകരിച്ചുകൊണ്ട് ആന്തരികമായി ശക്തിപ്പെടുന്നതിനു പുറമെ മലയാളസ്ത്രീവാദത്തിന്റെ ബാഹ്യബന്ധങ്ങളെയും പുതുക്കിപ്പണിയേണ്ടതുണ്ട്. ആധുനികസാഹിത്യത്തിന്റെ വ്യവസ്ഥാവിരുദ്ധതയെക്കുറിച്ചും ആത്മരചനയ്ക്കുതകുന്ന പ്രയോഗമെന്ന നിലയ്ക്കുള്ള അതിന്റെ മൂല്യത്തെക്കുറിച്ചും നമുക്കിന്ന് ധാരാളം ഉൾക്കാഴ്ച്ചകളുണ്ട്. (ആറ്റ്‌റിഡ്ജ് 1992) കേരളത്തിൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽക്ക് സ്ത്രീകൾ നടത്തിവന്നിട്ടുള്ള പിതൃമേധാവിത്വവിരുദ്ധ സാഹിത്യരചന കൃത്യമായും വിമർശനവിധേയമാക്കിയത്, ലിംഗവ്യത്യസ്തയെ ആധുനികഭരണോപകരണമാക്കുന്ന രീതിയെത്തന്നെയാണെന്നത് ശ്രദ്ധേയമാണ്. പിതൃമേധാവിത്വ അധികാരത്തെയും അതിനെതിരെയുയർന്നു വന്ന ആശയ-പ്രയോഗങ്ങളെയും പ്രതിനിധാനം ചെയ്യുന്ന രീതികളെ മുഴുവൻ ഒരേരൂപത്തിൽ അടിച്ചുപരത്തി ഉറപ്പിച്ചു വാർത്തെടുക്കുന്ന സർക്കാർ വ്യവഹാരങ്ങൾ ശക്തിപ്പെടുന്ന കാലത്ത് പിതൃമേധാവിത്വവിരുദ്ധ സാഹിത്യത്തിന്റെ സർക്കാർവത്ക്കരണവിരുദ്ധ പ്രവണതകളെ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ഇത് എളുപ്പമല്ല - കാരണം സ്ത്രീകളുടെ പിതൃമേധാവിത്വവിരുദ്ധ രചനാപാരമ്പര്യത്തിലെ മുഖ്യകണ്ണികളായ എഴുത്തുകാരികൾ മുഖ്യധാരയ്ക്കുള്ളിൽ 'പ്രതിഷ്ഠിക്കപ്പെട്ട'വരാണ് - ഹൈന്ദവക്ഷേത്രങ്ങളിലെ ദേവീവിഗ്രഹങ്ങൾ പോലെ വരേണ്യ -പുരുഷ വ്യാഖ്യാനത്തിലൂടെ ഉറപ്പിക്കപ്പെട്ടവരും, 'നിത്യ പൂജ'യിലൂടെ-സാഹിത്യവിമർശനച്ചടങ്ങുകളിലൂടെ-ഉപാസിക്കപ്പെടുന്നവരുമാണ്. ഈ എഴുത്തുകാരികളെ ഇത്തരം പ്രതിഷ്ഠിക്കലിൽ നിന്ന് വിമോചിപ്പിക്കാൻ കെല്പ്പുള്ള സ്ത്രീപക്ഷസാഹിത്യവിമർശനമാണ് ഇന്നത്തെ ആവശ്യം. എന്നാൽ മലയാളത്തിലെ സ്ത്രീപക്ഷചിന്തയുടെ ബാഹ്യബന്ധങ്ങളെ ശക്തിപ്പെടുത്താൻ കേരളത്തിന്റെ ഭൂമിശാസ്ത്രപരിധികൾക്കപ്പുറത്തേക്ക് മലയാള സ്ത്രീവാദികളുടെ എതിർ-പൊതുമണ്ഡലത്തെ വ്യാപിപ്പിക്കുകയും വേണം. കേരളത്തിൽ ജനിച്ചവരും മറുനാടൻ മലയാളികളുടെ രണ്ടാം തലമുറക്കാരുമായ സ്ത്രീകൾ കേരളത്തിലെ സ്ത്രീപക്ഷരാഷ്ട്രീയത്തിൽ താത്പര്യം കാട്ടുന്നുണ്ട്. അവരെല്ലാം മലയാളം വായിക്കുന്നവരല്ല. ഇവിടെയും പരിഭാഷ-മുകളിൽ സൂചിപ്പിച്ചതിൽ നിന്ന് വ്യത്യസ്തമായ അർത്ഥത്തിൽ - പ്രസക്തമാണ്. മലയാളത്തിലെ സ്ത്രീപക്ഷസാഹിത്യത്തെ കൂടുതൽ വിശാലമായൊരു വായനാസമൂഹത്തിൽ അവതരിപ്പിച്ചുകൊണ്ട് വ്യവസ്ഥാപിതവായനകളുടെ സ്ഥിരപ്രതിഷ്ഠകളെയും ഇളക്കാനുള്ള സാദ്ധ്യതയാണ് ഇവിടെ തെളിയുന്നത്. സർവ്വപ്രധാനമായി, ആഗോളതലത്തിൽ തന്നെ സ്ത്രീപക്ഷരാഷ്ട്രീയത്തെ പുനരവതരിപ്പിച്ചുകൊണ്ട് ആഗോളഫെമിനിസത്തിന്റെ സർക്കാർവത്കൃതവും ഉപകരണാത്മകവുമായ പ്രയോഗത്തിനെതിരെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ നൈതികതയെ തിരിച്ചുവിടാൻ നമുക്ക് കഴിഞ്ഞേക്കും.

-ജെ. ദേവിക
സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം

ആറ്റ്റിഡ്ജ്, ഡെറക്ക്(Attridge,Derek)1992. 'Derrida and the Questioning of Literature', ജെ ദെറിദ (J, Derrida), Acts of Literature- Un. B‰vdnUvPv (F-Un.), \yqtbm¿°v: duSvseUvPv (Routledge) 1˛29.

ദേവിക, ജെ. 2008. "Being 'In-Translation' in a Post-Colony: Translating Feminism in Kerala State, India," Translation Studies 1(2), 182-96.

ഹാൾ, സ്റ്റുവർട്ട് (Hall, Stuart) 2003, 'New Labour's Double Shuffle', Soundings 24,10-24

വിശ്വനാഥ, വി; എസ്. സൈമൺ. 1999 'Shifting Grounds of Evidence: B M Srikantaiah and Kannada Tradition-', Fkv. _mkvs\-‰v, F®v {XnthZn (F-Un.) (S. Bassnet, H. Trivedi), Post-Colonial Translation: Theory and Practice, 163-79.